# Index

Vicar's Message........................................................ 2
Christmas Message ................................................... 4
Adieu Leela Teacher .................................................. 5
Announcements........................................................... 7
Bible Crossword ........................................................... 8
Bible Quiz ................................................................. 10
Poem (1st Prize) ........................................................ 12
Events Photos........................................................... 13

# Merry Christmas



# Vicar's Message



മനുഷ്യനെ സ്നേഹിക്കുകയും, മനുഷ്യനെ തേടുകയും മനുഷ്യനോടൊപ്പം വസിക്കുകയും ചെയ്യുന്ന ദൈവത്തെയാണ് ക്രിസ്തുമസിൽ നാം ദർശിക്കുന്നത്. എന്നും നവീനമായ, യുവത്വം നഷ്ടപ്പെടാത്ത, സ്നേഹത്തിന്റെ ഉത്സവമാണിത്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് സംഭവിച്ച ഒരു യഥാർത്ഥ്യത്തിന്റെ ഓർമ്മാചരണം എന്നതിലുപരി നമ്മുടെ ജീവിതത്തിന്റെ ആവർത്തിക്കപ്പെടേണ്ട അനുഭവമാകണം ക്രിസ്തുമസ്. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ഇന്നും ദൈവം പിറവി എടുക്കുന്നുണ്ട്. ആ ദൈവത്തെ നാം തിരിച്ചറിയുന്നുണ്ടോ എന്നതാണ് പ്രസക്തം. ദൈവം മനുഷ്യനായ സംഭവമാണല്ലോ ക്രിസ്തുമസ്. ആകയാൽ ദൈവത്തെ കാണാനാഗ്രഹിക്കുന്നവർ ഇനിമുതൽ മനുഷ്യന്റെ മുഖത്തേക്ക് നോക്കിയാൽ മതി എന്നർത്ഥം. മനുഷ്യനിൽ ദൈവത്തിന്റെ മുഖം ദർശിക്കാനാകുന്നവർക്കാണ് ക്രിസ്തുമസ് അനുഭവമായി മാറുന്നത്. "പിള്ളകച്ചയിൽ പൊതിഞ്ഞ് പുൽതൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" എന്ന മാലഖയുടെ വെളിപ്പെടുത്തൽ നമുക്ക് എല്ലാവർക്കും വേണ്ടി ഉള്ളതാണ്. യേശു ഇന്നും നമ്മുടെ മുന്നിൽ വെളിപ്പെടുന്നുണ്ട്; പിള്ളകച്ചയിലല്ല, മറിച്ച് രോഗിയുടേയും, യാചകന്റേയും, പീഢിതരുടേയും, തൊഴിലില്ലാത്തവന്റേയും, കൃഷി നശിച്ച കർഷകന്റേയും ഒക്കെ രൂപത്തിലും ഭാവത്തിലും. അവരിലൊക്കെ ക്രിസ്തുവിനെ ദർശിക്കാൻ സാധിക്കുന്ന നാളിലേ നമ്മുടെ ക്രിസ്തുമസ് അർത്ഥപൂർണ്ണമാവുകയുള്ളു. വേദനിക്കുന്നവന്റേയും അടിച്ചമർത്തപ്പെട്ടവന്റെയും തിരസ്കരിക്കപ്പെട്ടവരുടേയും മുഖത്ത് ദൈവത്തിന്റെ പ്രതിരൂപം നോക്കികാണുവാൻ കഴിയുമ്പോഴേ ഈ ആഘോഷങ്ങൾ സ്വാർത്ഥകമാകു.

രക്ഷകനെ തേടിയിറങ്ങുന്ന രണ്ടു കൂട്ടരെപ്പറ്റി തിരുവചനത്തിൽ വിവരണമുണ്ട് (വി.മത്തായി2:1-12). രണ്ടുകൂട്ടരും അന്വേഷിക്കുന്നത് രക്ഷകനെയാണെങ്കിലും അവരുടെ മനോഭാവങ്ങളിൽ വലിയ അന്തരം ഉണ്ടായിരുന്നു. ജ്ഞാനികൾ പലതും നഷ്ടപ്പെടുത്തികൊണ്ട്, നാടും വീടും വിട്ട്, സമർപ്പിക്കുവാനായി വിലപ്പെട്ട പലതും കരുതികൊണ്ടുള്ള യാത്രയിലായിരുന്നെങ്കിൽ, ഹേരോദാസും പടയാളികളും രാജത്വവും അധികാരങ്ങളും സംരക്ഷിക്കുന്നതിനായുള്ള അന്വേഷണത്തിലായിരുന്നു. എല്ലാം നഷ്ടപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണം ജ്ഞാനികളെ രക്ഷക സന്നിധിയിലെത്തിച്ചപ്പോൾ, ഹെരോദോസിന്റെ അന്വേഷണം കൊടിയ പാതകത്തിലെത്തിനിന്നു. നക്ഷത്രമാണ് ജ്ഞാനികളെ വഴിനടത്തിയതെങ്കിൽ, വി.ലിഖിതങ്ങളിൽ നിന്നുമാണ് ഹേരോദോസും നിയമജ്ഞരും ജനനസ്ഥലം അറിയുന്നത്. നക്ഷത്രം മൂലവും വി.ലിഖിതങ്ങൾ വഴിയായും രക്ഷകനെ തേടുന്ന ഇവരിൽ, നക്ഷത്രം വഴിയായി യേശുവിനെ അറിയുന്നവർ അവന്റെ ആരാധകരാകുമ്പോൾ, വി.ലിഖിതങ്ങളിലൂടെ അറിയുന്നവർ രക്ഷകന്റെ ഘാതകരാകാൻ ശ്രമിക്കുന്നു. മനോഭാവമാണ് പ്രധാനം എന്നും മനോഭാവം നന്നായില്ലെങ്കിൽ, ദൈവവചനം പോലും നമ്മെ രക്ഷകനിലേക്ക് നയിക്കില്ല എന്നുമുള്ള സന്ദേശമാണ് ഈ സംഭവം നമുക്ക് സമ്മാനിക്കുന്നത്. ദൈവാനുഗ്രഹവും

ദൈവദർശനവും നിയത മാനസർക്കുള്ള താണ്, അവർക്കുമാത്രം. ഹൃദയശുദ്ധിയുള്ള വരാണ് ദൈവത്തെ ദർശിക്കുന്ന ഭാഗ്യവാന്മാർ. 2012ലെ ക്രിസ്തുമസ് നമ്മെ രക്ഷകനിലേക്ക് ആനയിച്ചുവോ? നമ്മുടെ മനോഭാവങ്ങളിൽ എന്തു മാറ്റം ഉണ്ടാക്കി? റ്റി. എസ്. എലിയറ്റിൻെറ 'The Journey of Magi' എന്ന മനോഹര കവിതയിൽ, പിള്ളകച്ചയിൽ ശയിക്കുന്ന ഉണ്ണിയെ നോക്കി, ജ്ഞാനികൾ പറയുന്ന ഒരു വസ്തുതയുണ്ട്."ഇതാ, ഞങ്ങൾ ഒരു പുതിയ ജനനം കണ്ടിരിക്കുന്നു, മരണാത്മകരമായ വിഭ്രാന്തിയിലേക്കും, മനഃക്ലേശത്തിലേക്കും ഈ ജനനം ഞങ്ങളെ കൂട്ടികൊണ്ടുപോകുന്നു. ജന്മ ദേശത്ത് തിരിച്ചെത്തിയാൽ പഴയതൊന്നുമായി ഞങ്ങൾക്കൊരിക്കലും സമരസപ്പെടുവാനാവില്ല. ഞങ്ങൾ മരിച്ചിരിക്കുന്നു, അതിൽ ഞങ്ങൾ ആഹ്ലാദിക്കുന്നു". ഓരോ ക്രിസ്തുമസും ഒരു പുതിയ ജനനത്തിലേക്കുള്ള ക്ഷണമാണ്. പഴയ ജീവിതവുമായി ഒരിക്കലും പൊരുത്തപ്പെടാനാവാത്തവിധം പുതിയ മനുഷ്യരായി മാറുമ്പോഴാണ്, ദൈവദർശനം ആനന്ദമായിതീരുക. ദൈവത്തെ ദർശിച്ചവർ എപ്രകാരം ജീവിക്കണം എന്നതിൻെറ ഉത്തമ മാതൃകകളാണ് ഈ ജ്ഞാനികൾ. യേശുവിനെ കണ്ടുമടങ്ങുന്ന ജ്ഞാനികളെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്; "സ്വപ്നത്തിൽ അവർക്ക് ദർശനമുണ്ടായി,മറ്റൊരു വഴിയെ അവർ അവരുടെ ദേശത്തേക്ക് തിരികെപ്പോയി" എന്നത്രെ. 'വേറൊരു വഴിയെ അവർ തിരികെപ്പോയി' എന്നതിന് ഒരു ആത്മീയമാനം കൂടിയുണ്ട്. ക്രിസ്തു ദർശനം അവരുടെ ജീവിതവഴികളെത്തന്നെ തിരിച്ചുവിട്ടു എന്നുവേണം കരുതുവാൻ. ഈശ്വരദർശനം അനുഗ്രഹമായും, രക്ഷയായും മാറുന്നത് ഈശ്വരനെ അനുസരിപ്പാൻ സന്മനസ്സുള്ളവർക്കാണ് ഈശ്വരദർശനം- നിത്യ ആനന്ദമായി മാറുന്നത് ദൈവീക നിർദേശങ്ങൾക്കനുസരിച്ച് ജീവിതത്തെ തിരിച്ചു വിടുമ്പോഴാകുന്നു എന്ന് ഈ ക്രിസ്തുമസ് വേളയിൽ നാം തിരിച്ചറിയണം.ഒരു നിമിഷം മിഴികൾ പൂട്ടി ധ്യാനിച്ചാൽ മതി, നമ്മുടെ അരുതാത്ത വഴികൾ അവൻ കാട്ടിത്തരും. ജീവിതത്തെ ദുരിതപൂർണ്ണവും അന്ധകാരാവൃതവുമാക്കുന്ന ഇരുൾ വഴികളെ ഉപേക്ഷിക്കുവാൻ കഴിയുന്നതാകട്ടെ ഈ ക്രിസ്തുമസ് വേളയിലെ വലിയ നേട്ടങ്ങളിലൊന്ന്.



യേശു പിറന്നപ്പോൾ ഒരു നക്ഷത്രം ഉദിച്ചു, ആ നക്ഷത്രമാണല്ലൊ ജ്ഞാനികളെ രക്ഷകനിലേക്ക് വഴി നടത്തിയത്. നമ്മെ രക്ഷക്ഷകനിലേക്കു നയിച്ച നക്ഷത്രങ്ങളെക്കുറിച്ച് ഓർക്കാറുണ്ടോ? കുഞ്ഞുനാളിൽ ഓമനിച്ചു മടിയിലിരുത്തി പ്രാർത്ഥിക്കാൻ പഠിപ്പിച്ച വല്യമ്മച്ചിയും, കഥകൾ പറഞ്ഞുതന്ന മാതാവും, കൈ പിടിച്ച് ദൈവാലയത്തിലേക്കുനയിച്ച പിതാവും, സഹോദരങ്ങളും, പുരോഹിതരും, അദ്ധ്യാപകരും, സുഹൃത്തുക്കളുമൊക്കെ നമുക്കായി ദൈവം ക്രമീകരിച്ച നക്ഷത്രങ്ങളായിരുന്നു എന്നു നാം തിരിച്ചറിയണം.നക്ഷത്രങ്ങൾ കൂരിരുട്ടിലണ് തെളിയുക. നക്ഷത്ര വെളിച്ചങ്ങൾ അന്യമാകുമ്പോഴാണ് മരണ സംസ്കാരം താണ്ഡവമാടുന്നത്.ആകയാൽ നാമും ഒരോ നക്ഷത്രങ്ങളാകണം. മറ്റുള്ളവരെ രക്ഷകനിലേക്ക് വഴിനടത്തുന്ന നക്ഷത്രങ്ങൾ! കണ്ടുമുട്ടുന്നവരുടെയൊക്കെ ജീവിതങ്ങളിൽ പ്രത്യശ പകരുന്ന, സ്വാന്തനമേകുന്ന, ശോഭയുള്ള നക്ഷത്രങ്ങളായിതീരുവാൻ നമുക്കും പരിശ്രമിക്കാം. സന്മനസ്സുള്ളവർക്ക് ദൈവം വാഗ്ദാനം ചെയ്ത സ്വർഗ്ഗീയ സമാധാനം എല്ലാവർക്കും ലഭ്യമാകട്ടെ.

സ്നേഹപൂർവ്വം,
ക്രിസ്തുയേശുവിൽ,
നിങ്ങളുടെ ബെന്നിയച്ചൻ.

# ക്രിസ്തുമസ്സ്

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും"(യശയ്യ7:14). മൂവായിരത്തി അഞ്ഞൂറ് വർഷങ്ങൾക്കു മുമ്പ് യാഹോവയായ ദൈവം യശയ്യാ പ്രവാചകനിലൂടെ വെളിപ്പെടുത്തിയ സത്യം, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് കന്യക മറിയാമിനു ഗബ്രിയേൽ മാലാഖ ബോദ്ധ്യപ്പെടുത്തി കൊടുത്തു.(ലൂക്കോ2:31-35). യേശു യഹൂദ്യയിൽ ബേത്ലഹെമിലെ കാലിതൊഴുത്തിൽ പിറന്ന് ഈ വാഗ്ദാനം പൂർത്തീകരിച്ചു."അവൾ ആദ്യ ജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി, വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി "(ലൂക്കോ:2:7).

"കർത്താവായ യേശുതമ്പുരാൻ എല്ലാം ഉള്ളവനായിരുന്നിട്ടും, ഒന്നും ഇല്ലാത്തവനായി ഈ ലോകത്ത് ജനിച്ചത് നമ്മെ ഓരോരുത്തരേയും എല്ലാം ഉള്ളവരാക്കി മാറ്റുവാനാണ്". ഓരോ വർഷവും ക്രിസ്തമസ്സ് വളരെ ഗംഭീരമായി ആഘോഷിക്കുമ്പോൾ നാമൊന്ന് ചിന്തിക്കണം, യേശു ക്രിസ്തുവിന് നമ്മിൽ ജനിക്കുവാൻ നമ്മുടെ ഹൃദയവാതിൽ തുറന്നു കൊടുത്തിട്ടുണ്ടോ? യേശുവിന് വസിക്കുവാൻ നമ്മെ ഒരുക്കിയിട്ടുണ്ടോ? അതല്ല ആഘോഷങ്ങളുടെ പുറകെ മാത്രം നാം പോകുന്നവരാണെങ്കിൽ, യേശു ഇല്ലാത്ത ക്രിസ്തുമസ്സ് ആഘോഷങ്ങൾ ആയിരിക്കുകയില്ലേ അത്? ഈ ക്രിസ്തുമസ്സ്ക്കാലം നോമ്പിലൂടേയും, ഉപവാസത്തിലൂടേയും ഒരു പുതിയ ജീവിതത്തിനായി നമുക്കൊരുങ്ങാം. വർഷം തോറും പുതുമയുള്ള മനോഹരങ്ങളായ നക്ഷത്രങ്ങൾ നമ്മുടെ വീടുകളിലും, പള്ളികളിലുമൊക്കെ തെളിയിച്ച് മറ്റുള്ളവരുടെ കണ്ണുകൾക്ക് ആനന്ദം ഉണ്ടാക്കുന്നവരാണ് നാം. അതു നല്ലതാണ് പക്ഷേ, ഇതുകൊണ്ടു മാത്രമല്ല. "നാം ഓരോരുത്തരും മറ്റുള്ളവർക്ക് വെളിച്ചം പരത്തുന്ന നക്ഷത്രങ്ങളായി മാറണം". പൗലോസ് അപ്പോസ്തോലൻ പറയുന്നതുപോലെ "ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ".(2കോരി:3:3). ആദിമകാലത്ത് അപ്പോസ്തോലന്മാരുടെ ജീവിത രീതികൾ അനേകരെ ക്രിസ്തുവിലേക്ക് ആകർഷിച്ചിരുന്നു. അതുപോലെ നമ്മുടെ പ്രവർത്തനങ്ങളിൽ നിന്നും പുറമെയുള്ളവർക്ക് യേശുവിനെ കണ്ടെത്താൻ കഴിയണം. സഹസൃഷ്ടികളെ കരുതുകയും, സ്നേഹിക്കുകയും, അവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേരുകയും, നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾക്കൊപ്പം മറ്റുള്ളവർക്കും നന്മ വരണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന നല്ല സാക്ഷ്യമുള്ളവരായി, മറ്റുള്ളവർക്ക് വെളിച്ചം പരത്തുന്ന നക്ഷത്രങ്ങളായി മാറുവാൻ ഈ ക്രിസ്തുമസ്സ് നമുക്ക് ഇടയാക്കട്ടെ എന്ന പ്രാർത്ഥനയോടെ.

എല്ലാവർക്കും ക്രിസ്തുമസ്സ് മംഗളാശംസകൾ

ബേബി മൂന്ന്പീടിയേക്കൽ
അങ്കമാലി.



# Adieu Leela Teacher!! Adieu!!



"Brothers and sisters, we do not want you to be uninformed about those who sleep in death, so that you do not grieve like the rest of mankind, who have no hope. For we believe that Jesus died and rose again, and so we believe that God will bring with Jesus those who have fallen asleep in him". 1 Thessalonians 4:13-14.

The sad and sudden demise of Mrs. Leela Alexander, affectionately called by all of us as "Leela Teacher", was shocking news to the St. Peter's JSO Church family. The grief struck members assembled in front of the SMC Operation Theatre after the news broke, and for the funeral service in our Church, shown how much she was loved by all of us.

When we remember her contributions to the Church as a whole, and to the Sunday School in particular, we have no words to describe this stalwart. Her regular Bible Crossword sessions in the Church Bulletin, Classes taken for children who appear for the CBSE exams, VBS participation as its Director etc. stands out from the rest.

Her love to the children is famous. The Indian School kids' comments about her appeared in the social media are its reflections. She always encouraged and supported any child she comes across, which boosted their moral and self-esteem.

The sudden loss of this great soul is definitely made a vacuum in the life of her husband Mr. O.C. Alexander and her two sons Mr. Anil and Ajith and their families. May the Lord extent His soothing hand, to give courage for them to face this tragedy. As we believe and read in the above bible verses, the departed soul will rose again with Jesus, for the eternal life in the Kingdom of Heaven. Until then may God rest her soul in the bosom of Abraham, Issac and Jacob.

*Adieu Leela Teacher, Adieu!! Adieu!!*

# Announcements

December 24 (Tuesday) - Christmas service starting at 7:00 pm.

December 27 (Friday) - Christmas & New Year celebrations, Carol Singing Competition, distribution of New Year gifts.


January 1 (Wednesday) - Holy Qurbana at 8:00 am.

January 1 (Wednesday) - KCEC Christmas and New Year celebrations at Indian School Isa Town Campus at 4:30 pm.

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീമതി ലീലാ അലക്സാണ്ടറും, ശ്രീ. രഞ്ചി കുര്യൻെറ ഭാര്യാപിതാവും, ശ്രീ. സുനിൽ ചാക്കോച്ചൻെറ ഭാര്യയുടെ grandmother-ഉം കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# Are You Bible Literate?
# Bible Crossword #10 December 2013



ACROSS:

1- The wise men followed it that led them to Jesus.
5- Human father of Jesus.
7- There was no ………………at the inn for Joseph & Mary.
9- One of the gifts of the three wise men.
11- Jesus could not stay in it, because it was full.
12- And on earth ………, goodwill toward men.

DOWN:

1- They were tending their flocks by night.
2- They announced the birth of Jesus Christ to the Shepherds
3- The wise men bowed down to Jesus to ………… him.
4- Jesus was born in this town.
6- 'The ……… of peace' – one titles of Jesus
8- Mother of Jesus.
9- Jesus was born here.
10- The shepherds were here when they saw an angel.

This is the Tenth in the series of Bible crossword puzzles for 2013. All the clues are about Plants mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students.

**This month's crossword is about the birth of Jesus Christ. Reference is from St. Luke.**

# Solution to November 2013 Bible Crossword

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 1 F | I | 2 G | | 3 W | | |
| 4 C | E | D | 5 A | R | | | | 6 O | L | I | V | E |
| | | | C | | | | | P | | L | | |
| | | | A | | | | | H | | L | | |
| 7 M | | | C | | 8 B | E | H | E | M | O | T | 9 H |
| U | | | I | | R | | | R | | W | | Y |
| 10 S | Y | 11 C | A | M | O | R | E | | | S | | S |
| T | | A | | | O | | | | 12 P | | | S |
| A | | S | | | 13 M | A | N | N | A | | | O |
| R | | S | | | | | | | L | | | P |
| D | | I | | | | | | | M | | | |
| | | 14 A | L | M | O | N | D | S | | | | |
| | | | | | | | | | | | | |

## *Winners of Bible Crossword November 2013*

1. Acsah Elizabeth Abraham
2. Aibel Rejan Varghese
3. Akhil Basil Paulose
4. Aneena Mary Abraham
5. Athira Sabu
6. Chithira Sabu
7. Christy Mary T.
8. Dan Abraham
9. Elaine Agith
10. Flemy P. Eby
11. Jeeba C. Biju
12. Jibu Joseph Biju
13. Johann Agith
14. Kamal Baby Paul
15. Liya Sara Joseph
16. Mahal Mani Ulahannan
17. Merlin Mary
18. Milan Mani Mathew
19. Roshan Thomas Roy
20. Sarah Laji
21. Sebine Scaria
22. Serene Scaria
23. Sneha Elsa Kuruvilla
24. Sofia C. Paul

**Congratulations......**

# ക്വിസ്സ് നമ്പർ 9
## Question 1-10 മീഖാ, 11-15 ഹബക്കുക്ക

1. ഞാൻ നിൻെറ കൊമ്പിനെ ഇരുമ്പും, നിൻെറ കുളമ്പുകളെ താമ്രവും ആക്കും ആരോടാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്?
2. എന്തൊക്കെ നിമിത്തമാണ് പർവ്വതങ്ങൾ യഹോവയുടെ കീഴിൽ ഉരുകുകയും താഴ്‌വരകൾ പിളർന്നു പോവുകയും ചെയ്യുന്നത്?
3. മിസ്രയീം ദേശത്തുനിന്നു യിസ്രായേലിനെ വീണ്ടെടുത്ത ദൈവം അവരുടെ മുമ്പിൽ ആരെയെല്ലാമാണ് അയച്ചത്?
4. ദർശനമില്ലാത്ത രാത്രിയും ലക്ഷണം പറവാൻ കഴിയാത്ത ഇരുളും ഉണ്ടാകുന്നതാർക്ക്?
5. യുദ്ധ വിമുഖന്മാരായി, നിർഭയന്മാരായി കടന്നുപോകുന്നവരുടെ വസ്ത്രത്തിന്മേൽ നിന്നു എന്താണ് വലിച്ചെടുത്തത്?
6. നിവാസികൾ നിമിത്തവും അവരുടെ പ്രവർത്തികളുടെ ഫലം ഹേതുവായും ശൂന്യമായിത്തീരുത്തതെന്ത്?
7. "സീയോൻ പുത്രിയുടെ ഗിരി" എന്നു വിശേഷിപ്പിക്കുന്നത് ഏത് ഗോപുരത്തെയാണ്?
8. യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എവിടെനിന്നു ഉത്ഭവിച്ചു വരും എന്നാണ് മീഖായുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്?
9. മനുഷ്യൻെറ ശത്രുക്കൾ ആരെന്നാണ് മീഖാ പ്രവാചകൻ പറഞ്ഞിരിക്കുന്നത്?
10. എവിടുത്തെ വീടുകളാണ് യിസ്രായേൽ രാജാക്കന്മാർക്ക് ആശാഭംഗമായി ഭവിക്കുന്നത്?
11. ഉഗ്രതയും വേഗതയുമുള്ള ജാതി എന്ന് ആരെയാണ് വിശേഷിപ്പിച്ചി രിക്കുന്നത്?
12. ഹബക്കൂക്ക് പ്രവാചകൻെറ പ്രാർത്ഥനാഗീതം ഏതു രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്?
13. ഏതു മരത്തിൻെറ പ്രയത്നമാണ് നിഷ്ഫലമായിപ്പോകുന്നത്?
14. വിശ്വാസപാതകനായിരിക്കുന്നതെന്ത്?
15. ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നതുകൊണ്ട് ന്യായം എങ്ങനെ വെളിപ്പെട്ടു വരുന്നു?

# ക്വിസ്സ് നമ്പർ 8 ദാനിയേൽ - ഉത്തരം

1. ദൈവം 1:9
2. മീഖായേൽ 10:13
3. ദാര്യാവേശ് 6:14
4. ബുദ്ധി ഉപദേശിച്ചുകൊടുപ്പാൻ 9:21
5. ബേൽശസ്സർ രാജാവിന്റെ 5:5
6. യെഹൂദാ രാജാവായ യെഹോയാക്കീമിനേയും, ദൈവാലയത്തിലെ പാത്രങ്ങളിൽ ചിലതും 1:2
7. നെബുഖദ്നേസർ 4:37
8. ദൈവത്തെ അറയുന്ന ജനം 11:32
9. വസ്ത്രം ഹിമം പൊലെ വെളുത്തതും തലമുടി നിർമ്മലമായ ആട്ടുരോമം പോലെയും 7:9
10. തുലാസിൽ നിന്നെ തൂക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു. 5:27
11. ഹിദ്ദേക്കൽ 10:4,5
12. ഏഴുമടങ്ങ് 3:19
13. കോലാട്ടു കൊറ്റൻ 8:5
14. 1335 ദിവസം 12:12
15. ദാനിയേലിനെ 2:46

## *Winners of Quiz No. 8*

Aleyamma Thomas
Bisy Eby
Christy Mariam Reji
Elaine Agith
Elsy Abraham
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Paulose
Mercy Abraham
Moly Baby
Sezil Baby
Shaiby Baby
Sheeba Roy
Shelby Jacob
Shiny Binu



*Congrats................*

Usha Achenkunju

# ജീവിതം പഠിപ്പിച്ചത്

(മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കവിത)



ലോകമായകൾ കുമിളപോൽ ക്ഷണം
പൊലിഞ്ഞു പോകുമെന്നോതി ജീവിതം
വിശുദ്ധ ജീവിതം നയിച്ചു നീങ്ങുവാൻ
പഠിച്ചുഞാനമാ തമസ്സിലായ നാൾ

കരഞ്ഞു കണ്ണുനീർ പൊഴിക്കയില്ല ഞാൻ
കഴിഞ്ഞ നാളിലെൻ കടങ്ങളോർത്തിനി
കരുതുവാനൊരാൾ അരികിലുണ്ടവൻ
കരങ്ങളെത്രയോ സ്നേഹ നിർഭരം

മാഞ്ഞുപോകുമീ നിറഞ്ഞ സൗഹൃദം
കൊഴിഞ്ഞു തീരുമീ ധനിക ജീവിതം
നിത്യ വീടതിൽ വാസമാക്കുവാൻ
ഒരുക്കി ഞാനമെൻ സുകൃത ജീവിതം

നീതി സൂര്യനാം കിരണമേറ്റതിൻ
മിനുങ്ങു വെട്ടമായ് തെളിഞ്ഞു നിൽക്കുവാൻ
ക്രിസ്തു സാക്ഷിയായ് നന്മയേകുവാൻ
പഠിച്ചു ഞാനമീ ലോകയാത്രയിൽ.

- ബേബി പോൾ

# Photos

## Funeral Service of Mrs. Leela Alexander



## Members at the airport to welcome our Patriarchal Vicar



## Symphony Fiesta 2013 - 35th Anniversary Celebrations












St. Peter's Jacobite Syrian Orthodox Church




MEGA SPONSOR






Peter's Jacobite Syrian
2013


St. Peter's Jacobite Syrian
Celebrations
SPONSOR